(ബി) പ്രസ്തുത അപേക്ഷകൾ ജനങ്ങളുടെ പക്കൽനിന്നും സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാനത്തെ എല്ലാ വില്ലേജ് അധികൃതർക്കും നൽകിക്കഴിഞ്ഞിട്ടുണ്ടോ;

(സി) ഈ അപേക്ഷകൾ നൽകുന്നത് ഏറ്റവും ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങൾ ആയതിനാൽ അപേക്ഷ നൽകുന്നതിന് പ്രത്യേക ഫീസ് (കോർട്ട് ഫീ സ്റ്റാമ്പ്) നൽകേണ്ടതില്ല എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) അപേക്ഷ നൽകുന്നതിന് നിശ്ചിത അപേക്ഷാ മാതൃക നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 26-12-2003-ൽ ഉത്തരവ് പുറപ്പെടുവിച്ചു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) ജില്ലാ കളക്ടർമാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ അപേക്ഷകളിൻമേൽ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല.

(ഡി) നിശ്ചിത അപേക്ഷാ മാതൃക അനുബന്ധമായി വച്ചിട്ടുണ്ട്.†

പട്ടിണി മരണങ്ങൾ

112 [113] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര പട്ടിണി മരണങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലയിൽ തൊഴിൽ സ്തംഭനം മൂലം എത്ര തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്; എത്ര പേർ പട്ടിണി മൂലവും സാമ്പത്തിക പ്രയാസം മൂലവും ആത്മഹത്യ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ തോട്ടം, കയർ, കശുവണ്ടി, കാർഷിക മേഖലകളിലായി എത്ര പേർ വീതം ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ഡി) ഇത്തരത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്തെങ്കിലും സഹായങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്ത്രിമാരുടെ അതിഥികളായി താമസിച്ച വിദേശ പൗരൻമാർ

113 [114] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ മന്ത്രിയും എത്രരൂപാ വീതം അതിഥി സൽക്കാരത്തിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വിദേശ പൗരന്മാർ മന്ത്രിമാരുടെ അതിഥികളായി സംസ്ഥാനത്ത് താമസിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതൊക്കെ മന്ത്രിമാരുടെ അതിഥികളായിട്ടാണ് ഇവർ താമസിച്ചിരുന്നത് എന്നും വ്യക്തമാക്കുമോ;

(സി) ഔദ്യോഗിക സന്ദർശനത്തിനല്ലാതെ ഏതെങ്കിലും വിദേശപൗരന്മാർ മന്ത്രിമാരുടെ അതിഥികളായി സംസ്ഥാനത്ത് താമസിച്ചിട്ടുണ്ടോ; എങ്കിൽ അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തിരുവനന്തപുരം വിമാനത്താവള വികസനം

114 [115] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തിന്റെ ആധുനികവൽക്കരണത്തിനും വികസനത്തിനുമായി അംഗീകരിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) വിമാനത്താവള വികസനം വൈകുന്നതിനുള്ള കാരണങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പുതിയ ടെർമിനൽ നിർമ്മാണം പൂർത്തിയാക്കുന്നത് സംബന്ധിച്ച് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സമയ പരിധി നിശ്ചയിച്ച് അറിയിച്ചിട്ടുണ്ടോ;

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly